**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 406** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുന:രധിവാസ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുന:രധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കാമോ;? | (എ) | സ്വകാര്യ വ്യക്തി സൗജന്യമായി കൈമാറിയ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 9 - ൽ റീ സർവ്വേ നമ്പർ 401/5-ൽ ഉൾപ്പെട്ട 20.26 ആർ വസ്തുവിലാണ് ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനഃരധിവാസ കേന്ദ്രം, ഭിന്നശേഷി സൗഹൃദ പാർക്ക് എന്നിവ നിർമ്മിക്കുന്നതിനായി കാട്ടക്കട ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പുനഃരധിവാസകേന്ദ്രം ആരംഭിക്കുമ്പോൾ ഭൂമി വിട്ടു നല്കിയ വ്യക്തിയുടെ ചെറുമകനും ഭിന്നശേഷിക്കാരനുമായ വ്യക്തിയെക്കൂടി സംരക്ഷിക്കണമെന്ന നിബന്ധനയോട് കൂടി ഭൂമി വിട്ടു നല്കിയതിനാൽ ടി വ്യക്തിയെക്കൂടി അന്തേവാസിയാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം മറ്റു രേഖകൾ സഹിതം ടി വസ്തു കൈമാറി നല്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ